"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ വയൽവാണിഭവുമായി ബന്ധപ്പെട്ട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1100/2022/LSGD തീയതി,തിരുവനന്തപുരം, 04-05-2022

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 31.03.2022 ലെ PAN/2704/2022-G1(DP) നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ വയൽവാണിഭവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 10,000 (പതിനായിരം രൂപ മാത്രം) രൂപയിൽ അധികരിക്കാത്തവിധം സംഭാവന നല്കുന്നതിന് യഥേഷ്ടാനുമതി ലഭ്യമാക്കുന്നതിനുള്ള പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറകടറുടെ റിപ്പോർട്ടും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും ഭരണസമിതി തീരുമാനവും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ വയൽവാണിഭവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 10,000 (പതിനായിരം രൂപ മാത്രം) രൂപയിൽ അധികരിക്കാത്തവിധം സംഭാവന നല്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/ സെക്രട്ടറി, ഓമല്ലൂർ ഗ്രാമപഞ്ചായത്ത്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം